W&N/M

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. റ്റി. ശ്യാം മോഹൻ മുതൽ പേർ ഫയൽ ചെയ്ത OA(EKM) 145/2023 നമ്പർ കേസിന്റെ 05.03.2024 തീയതിയിലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്

സ.ഉ.(സാധാ) നം.169/2025/GAD  തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:-

1. 26.12.1961 തീയതിയിലെ G.O.(Ms)No.758/Edn
2. 22.12.1962 തീയതിയിലെ G.O.(Ms)No.701
3. 15.01.1965 തീയതിയിലെ G.O.(Ms)No. 68
4. 21.03.1966 തീയതിയിലെ G.O.(Ms)No.110
5. 24.10.1977 തീയതിയിലെ 107936/SD3/77/GAD നമ്പർ സർക്കുലർ
6. 20.05.1984 തീയതിയിലെ 60773/N1/84/GAD നമ്പർ സർക്കുലർ
7. 05.09.2013 തീയതിയിലെ 66110/SD2/2013/GAD നമ്പർ സർക്കുലർ
8. 19.02.2020 തീയതിയിലെ G.O.(P) No.7/2020/GAD
9. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19.10.2023 തീയതിയിലെ ADFW/1229/2023-SA1 നമ്പർ ഉത്തരവ്.
10. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 145/2023 നമ്പർ കേസിന്റെ 05.03.2024 തീയതിയിലെ ഉത്തരവ്.
11. പാലക്കാട് ജില്ലാ കളക്ടറുടെ 27.07.2024, 23.08.2024 എന്നീ തീയതികളിലെ DCPKD/2839/2022-A1 നമ്പർ കത്ത്.
12. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29.07.2024 തീയതിയിലെ DCTVM/7481/2024-S3നമ്പർ കത്ത്.
13. ഇടുക്കി ജില്ലാ കളക്ടറുടെ 20.07.2024 തീയതിയിലെ DCIDK/3033/2024-E8 നമ്പർ കത്ത്.
14. കാസർഗോഡ് ജില്ലാ കളക്ടറുടെ 20.07.2024 തീയതിയിലെ DCKSGD/4985/2024-A4 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
15. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.12.2024 തീയതിയിലെ LSGD/PD/2870/2023-DEC4 നമ്പർ ഉത്തരവ്.

ഉത്തരവ്

01.08.2022-ൽ നിലവിൽ വന്ന പാലക്കാട് ജില്ലയിലെ ക്ലാർക്ക് (വിവിധം) തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീ. റ്റി. ശ്യാം മോഹൻ, ശ്രീ. ഫാജിഷ് എൻ. എസ്. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 145/2023 നമ്പർ ഹർജിയിൽ, പരാമർശം (2) പ്രകാരം ജനസംഖ്യയുടെ പതിനഞ്ച് ശതമാനമോ അതിലധികമോ ആളുകൾ ന്യൂനപക്ഷ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളെയാണ് ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ ഉൾപ്പെടുത്തുന്നതെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ നോൺ മുൻസിപ്പൽ ഏരിയ, ചിറ്റൂർ - തത്തമംഗലം മുൻസിപ്പൽ ഏരിയ, പാലക്കാട് മുൻസിപ്പൽ ഏരിയ എന്നിവയെ പരാമർശം (6) പ്രകാരം ഭാഷാന്യൂനപക്ഷപ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും, എന്നാൽ കേന്ദ്ര ഭാഷാന്യൂനപക്ഷ കമ്മീഷണറുടെ 52-ാമത് റിപ്പോർട്ടിൽ കേരളത്തിൽ നിന്നുള്ള ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ പാലക്കാട് മുനിസിപ്പാലിറ്റി ഉൾപ്പെട്ടിട്ടില്ലെന്നും, അതിനാൽ പാലക്കാട് മുൻസിപ്പാലിറ്റിയുടെ ഭാഷാന്യൂനപക്ഷ പദവി റദ്ദ് ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. കൂടാതെ, പരാമർശം (5), (7) എന്നിവ പ്രകാരം ഭാഷാന്യൂനപക്ഷപ്രദേശങ്ങളിലെ സർക്കാർ കാര്യാലയങ്ങളിലെ ക്ലാർക്ക് തസ്തികകളിൽ ഭാഷാന്യൂനപക്ഷങ്ങൾക്ക് സംവരണം ചെയ്യേണ്ട തസ്തികകളുടെ എണ്ണം വകുപ്പ് മേധാവികൾക്ക് നിശ്ചയിക്കാമെന്ന സർക്കുലറുകൾ തെറ്റായി വ്യാഖ്യാനിച്ച് വിവിധ വകുപ്പ് മേധാവികൾ 50% ക്ലാർക്ക് തസ്തികകളും, ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ ഉൾപ്പെടാത്ത കാര്യാലയങ്ങളിലെ തസ്തികകളും തമിഴ്- മലയാളം / കന്നട- മലയാളം ക്ലാർക്ക് തസ്തികകൾക്ക് അനുവദിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടെന്നും, അതിനാൽ തമിഴ്- മലയാളം / കന്നട- മലയാളം ക്ലാർക്ക് തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നതിൽ വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഹർജിയിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (10) ൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിട്ടുണ്ട്.

In the result this Original Application is disposed of with the following directions/declarations:

(i) In view of the contentions raised by the applicant that Palakkad Municipal area is no longer a linguistic minority area as found in Annexure A6 Report, it is only appropriate that the Government looks into it, for which the applicant has provided the link, and to take a decision whether any modification is necessary to Annexure A3 circular. Such a decision shall be taken within a period of three months from the date of receipt of a copy of this order.

(ii) Annexures A7 and A8 orders, to the extent posts are set apart as Tamil-Malayalam knowing LDCs in offices other than in the Tamil speaking areas mentioned in Annexure A3 circular, shall be revised, confining the same to only in offices in the areas covered by Annexure A3 circular i.e to Non-Municipal area of Chittoor and Municipal areas of Chitoor-Thathamangalam and Palakkad, subject to the decision to be taken by Government with respect to Palakkad.

(iii) The Government shall also issue orders fixing the criteria for identification of the number of Tamil - Malayalam knowing posts of LDCs required in the offices in the linguistic minority areas within a period of three months:

(iv) The respective Heads of Departments would be free to report the vacancies of LDC (various) in areas other than the linguistic minority areas, to the District Public Service Commission.

(v) It would also be open to the respondents to report the vacancies of Tamil knowing LDCs in the offices in the linguistic minority areas as stated in paragraph 7 of the reply statement.

2) പരാമർശം (2), (3) പ്രകാരം ന്യൂനപക്ഷ ഭാഷകളെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം, ന്യൂനപക്ഷ ഭാഷകളെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച ആവശ്യത്തിലേയ്ക്കായി ഒരു താലൂക്കിലെ ഓരോ മുനിസിപ്പൽ ടൗണിനെയും അല്ലെങ്കിൽ നോൺ മുനിസിപ്പൽ ഏരിയയെയും ഒരു പ്രത്യേക ലോക്കൽ ഏരിയ ആയി പരിഗണിക്കേണ്ടതാണെന്നും അത്തരം ലോക്കൽ ഏരിയകളിൽ 15 ശതമാനമോ അതിലധികമോ ജനങ്ങൾ സംസ്ഥാനത്തെ ഭൂരിപക്ഷ ഭാഷയായ മലയാളം അല്ലാത്ത മറ്റൊരു ഭാഷ സംസാരിക്കുന്നുവെങ്കിൽ അത്തരം ലോക്കൽ ഏരിയകളിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ന്യൂനപക്ഷ ഭാഷകൾ ഉപയോഗിക്കുന്നതിനായി മേൽപറഞ്ഞ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നു. 1961 ലെ സെൻസസിനെ അടിസ്ഥാനമാക്കി പുറപ്പെടുവിച്ച പരാമർശം (4) പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ചിറ്റൂർ നോൺ മുനിസിപ്പൽ ഏരിയ, ചിറ്റൂർ-തത്തമംഗലം മുനിസിപ്പൽ ഏരിയ, പാലക്കാട് താലൂക്കിലെ പാലക്കാട് മുനിസിപ്പൽ ഏരിയയെയും തമിഴ് ഭാഷാന്യൂനപക്ഷ പ്രദേശങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നത്.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിലെ ഒന്നാം നിർദ്ദേശം നടപ്പിലാക്കുന്നതിലേക്കായി പരാമർശം (11) പ്രകാരം പാലക്കാട് ജില്ലാകളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ 2011 ലെ സെൻസസ് പ്രകാരം പാലക്കാട് മുനിസിപ്പൽ ഏരിയയിൽ തമിഴ് മാതൃഭാഷ ആയിട്ടുള്ള ജനങ്ങളുടെ എണ്ണം ആകെ ജനസംഖ്യയുടെ 10.9% മാത്രമാണെന്ന് അറിയിച്ചിരുന്നു.

4) നിലവിൽ ഭാഷാ ന്യൂനപക്ഷ മേഖലയിലെ ഓഫീസുകളിൽ ആവശ്യമായ തമിഴ്-മലയാളം/കന്നഡ-മലയാളം എൽ.ഡി.ക്ലാർക്ക് തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നതിന് അതത് വകുപ്പ് തലവന്മാരെ ചുമതലപ്പെടുത്തി പരാമർശം (5) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുമേധാവികളുടെ നിയന്ത്രണത്തിലുള്ളതും ബന്ധപ്പെട്ട ഭാഷാ ന്യൂനപക്ഷ മേഖലകളിൽ സ്ഥിതി ചെയ്യുന്നതുമായ ഓഫീസുകൾക്ക് ആവശ്യമായ കന്നഡ ഭാഷാപ്രാവീണ്യമുള്ളതും തമിഴ് ഭാഷാപ്രാവീണ്യമുള്ളതുമായ എൽ.ഡി.ക്ലാർക്കുമാരുടെ അംഗബലം നിശ്ചയിക്കുവാനും, പ്രസ്തുത ഓഫീസുകളിലെ അപ്രകാരമുള്ള എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ തുല്യ എണ്ണം തസ്തികകൾ കന്നഡ ഭാഷാപ്രാവീണ്യമുള്ള/തമിഴ് ഭാഷാപ്രാവീണ്യമുള്ള എൽ.ഡി. ക്ലാർക്കുമാരുടെ തസ്തികകൾ ആക്കി മാറ്റുവാനും, ഇപ്രകാരം മാറ്റപ്പെട്ട തസ്തികകളിലേക്ക് സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഉൾപ്പെടുന്ന പ്രത്യേക പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതാണെന്നും പരാമർശം (5) പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും പരാമർശം (7) പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

5) സർക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (10) ലെ വിധിയിലെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചു. സെൻസസിനെ അടിസ്ഥാനമാക്കി പുറപ്പെടുവിച്ച പരാമർശം (4) പ്രകാരമാണ് പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിലെ ചിറ്റൂർ നോൺ മുനിസിപ്പൽ ഏരിയ, ചിറ്റൂർ-തത്തമംഗലം മുനിസിപ്പൽ ഏരിയ, പാലക്കാട് താലൂക്കിലെ പാലക്കാട് മുനിസിപ്പൽ ഏരിയയെയും തമിഴ് ഭാഷാന്യൂനപക്ഷ പ്രദേശങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നത്. 2011- ന ശേഷം സെൻസസ് നടന്നിട്ടില്ലാത്തതിനാൽ അടുത്ത സെൻസസ് റിപ്പോർട്ട് വരുന്ന മുറയ്ക്ക് പാലക്കാട് മുനിസിപ്പൽ ഏരിയയുടെ ഭാഷാന്യൂനപക്ഷ പദവി റദ്ദാക്കുന്ന കാര്യം പുന:പരിശോധിക്കുന്നതാണ്. ഇത്തരത്തിൽ

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA(EKM) 145/2023 നമ്പർ കേസിന്റെ 05.03.2024 തീയതിയിലെ ഉത്തരവിലെ ഒന്നാം നിർദ്ദേശം നടപ്പാക്കി ഉത്തരവാകുന്നു.

6) പരാമർശം (9) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 145/2023 നമ്പർ കേസിന്റെ 05.03.2024 തീയതിയിലെ ഉത്തരവിലെ രണ്ടാം നിർദ്ദേശത്തിന്മേൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (9) പ്രകാരം ചിറ്റൂർ താലൂക്ക്, പാലക്കാട് മുനിസിപ്പാലിറ്റി എന്നീ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽപെടാത്ത ഓഫീസുകളായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് അഗളി, മലമ്പുഴ എന്നിവടങ്ങളിലേക്ക് തമിഴ് മലയാളം ക്ലാർക്കുമാർക്കായി നീക്കി വച്ച് ഉത്തരവായിരുന്ന 2 തസ്തികകൾ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (15) പ്രകാരം പാലക്കാട് തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളായി ഉൾപ്പെടുത്തിയിരുന്ന മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് എന്നിവയെ ഒഴിവാക്കി ഉത്തരവ് ഭേദഗതി ചെയ്തിട്ടുണ്ട്.

7) ഭാഷാ ന്യൂനപക്ഷ മേഖലകളിലെ ഓഫീസുകളിൽ ആവശ്യമായ തമിഴ്-മലയാളം/കന്നഡ-മലയാളം ക്ലാർക്ക് തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നതിനായി പ്രസ്തുത മേഖലകളിലെ ഓരോ വകുപ്പിന്റെയും കീഴിലുള്ള ഓഫീസുകളിൽ ലഭ്യമാകുന്ന കന്നഡ/തമിഴ് അപേക്ഷകളുടെ എണ്ണവും മറ്റും കണക്കിലെടുത്ത് തമിഴ്-മലയാളം/കന്നഡ-മലയാളം ക്ലർക്കുമാരുടെ ആവശ്യകത എന്നിവ പരിശോധിച്ച് ഓഫീസിന്റെ പേര്, ആവശ്യമായ തമിഴ്-മലയാളം/കന്നഡ-മലയാളം ക്ലാർക്ക് തസ്തികയുടെ എണ്ണം (നിലവിലുള്ള കേഡർ സ്ട്രെങ്ത് നിലനിർത്തികൊണ്ട്) ഉൾപ്പെടുത്തി വ്യക്തമായ പ്രൊപ്പോസൽ ഒരു മാസത്തിനകം പൊതുഭരണ വകുപ്പിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തുന്നു. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 145/2023 നമ്പർ കേസിന്റെ 05.03.2024 തീയതിയിലെ ഉത്തരവിലെ മൂന്നാം നിർദ്ദേശം നടപ്പാക്കി ഉത്തരവാകുന്നു.

8) ഭാഷാന്യൂനപക്ഷ പ്രദേശങ്ങളല്ലാത്ത ഭാഗങ്ങളിലെ ക്ലാർക്ക് (വിവിധം) തസ്തികകളിലെ ഒഴിവുകൾ ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 145/2023 നമ്പർ കേസിന്റെ 05.03.2024 തീയതിയിലെ ഉത്തരവിലെ നാലാം നിർദ്ദേശം നടപ്പാക്കി ഉത്തരവാകുന്നു.

9) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 145/2023 നമ്പർ കേസിന്റെ 05.03.2024 തീയതിയിലെ ഉത്തരവിലെ മൂന്നാം നിർദ്ദേശം നടപ്പാക്കി ഉത്തരവായതിനു ശേഷം പ്രസ്തുത ട്രൈബ്യൂണൽ ഉത്തരവിലെ അഞ്ചാം നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ആർ ജ്യോതിലാൽ

അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

Sri. T. Syam Mohan, S/o K. Mohan Ram, Ram Nivas, G.S.Sadan P.O., Palakkad , Pin - 679302

Sri. Fajish N.S., S/o Shahul Hameed N.C., Shahsali Manzil, Nandankizhaya, Anamari P.O., Palakkad , Pin - 678506

ജില്ലാ കളക്ടർ, തിരുവനന്തപുരം/ഇടുക്കി/പാലക്കാട്/കാസർഗോഡ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും

എല്ലാ വകുപ്പ മേധാവികൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-ബി) വകുപ്പ് (ADV-B1/98/2024-PandARD നമ്പർ ഫയൽ പ്രകാരം)

നിയമ (ഉപദേശം-ഇ) വകുപ്പ് (OPN-E3/321/2024-LAW നമ്പർ ഫയൽ പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Many G
Date: 16-01-2025 13:56:38

സെക്ഷൻ ഓഫീസർ